**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2694** **13-12-2022 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര സാമ്പത്തിക നയങ്ങളുടെ ഭാഗമായി സംസ്ഥാന സമ്പദ്‌വ്യവസ്ഥയിലുണ്ടാകുന്ന പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സാമ്പത്തിക നയങ്ങളുടെ ഭാഗമായി ജി.എസ്.ടി. നടപ്പാക്കിയതും എല്ലാ ഉല്പന്നങ്ങളേയും ജി.എസ്.ടി പരിധിയിലാക്കിയതും കാരണം സംസ്ഥാന സമ്പദ്‌വ്യവസ്ഥയിലെ പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | പെട്ടെന്ന് ജി.എസ്.ടി നടപ്പിലാക്കിയതു വഴി സംസ്ഥാനങ്ങളുടെ വരുമാനത്തിൽ ഉണ്ടാകുന്ന ഇടിവ് പരിഹരിക്കുന്നതിന് ജി.എസ്.ടി നടപ്പിലാക്കിയ 2017-ജൂലൈ 1 മുതൽ 5 വർഷത്തേക്ക് നികുതി വരുമാനത്തിൽ 14% ത്തിന്റെ വർദ്ധനവ് ഉണ്ടായിട്ടില്ലെങ്കിൽ ബാക്കി തുക കേന്ദ്രത്തിൽ നിന്നും നഷ്ടപരിഹാരമായി നൽകി പോന്നിരുന്നു. എന്നാൽ ഈ നഷ്ടപരിഹാരം 2022 ജൂണിൽ അവസാനിച്ചു. ജി.എസ്.ടി നടപ്പിലാക്കി 5 വർഷത്തിന് ശേഷവും പ്രതീക്ഷിച്ച വരുമാനം സംസ്ഥാനത്തിന് ഉണ്ടായിട്ടില്ല. ജി.എസ്.ടി നടപ്പിലായതോടുകൂടി നികുതി ചുമത്തുന്നതിനുള്ള അധികാരം സംസ്ഥാനങ്ങൾക്ക് നഷ്ടപ്പെട്ടതുകാരണം സംസ്ഥാനത്തിന്റെ ആവശ്യത്തിനുസരിച്ചുള്ള വിഭവ സമാഹരണം സാധ്യമാകാത്ത സ്ഥിതി സംജാതമായിട്ടുണ്ട്. ജി.എസ്.ടി നടപ്പിലാക്കിയതുമൂലം നികുതി വരുമാനത്തിൽ ഉണ്ടായിട്ടുള്ള ഇടിവും അധിക വിഭവസമാഹരണം നടത്താൻ സാധിക്കാത്ത സാഹചര്യവും സംസ്ഥാന സർക്കാരിന് വലിയ സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്. |
| (ബി) | ഇത് സംസ്ഥാനത്തുണ്ടാക്കുന്ന സാമ്പത്തിക പ്രതിസന്ധിയും അതുമൂലമുണ്ടാകുന്ന വിലക്കയറ്റവും എത്രത്തോളമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കൂടുതൽ ഉൽപ്പന്നങ്ങളെ ജി.എസ്.ടി യുടെ പരിധിയിൽ ഉൾപ്പെടുത്തിയത് വിപണിയിലെ വിലക്കയറ്റത്തിന് കാരണമായിട്ടുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വില പിടിച്ച് നിർത്തുന്നതിന് വേണ്ടി വിപണി ഇടപെടൽ നടത്തുവാൻ കൂടുതൽ തുക ചെലവാക്കേണ്ട |

| | | | |
|---|---|---|---|
| | | | സാഹചര്യം നിലവിലുണ്ട്. ഇതും സർക്കാരിന്റെ സാമ്പത്തിക നിലയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. |
| (സി) | പ്രസ്തുത കേന്ദ്ര നയങ്ങളിൽ മാറ്റം വരുത്തുന്നതിന് മ്മർദ്ദം ചെലുത്തുവാനും വിലക്കയറ്റം തടയുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | കേരളത്തിന്റെ താത്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നതിന് അനുകൂലമായ തീരുമാനങ്ങൾ ഉണ്ടാകുവാൻ ജി.എസ്.ടി കൗൺസിലിൽ നിരന്തരമായി സംസ്ഥാനം ആവശ്യപ്പെടുന്നുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ച് നിർത്തുന്നതിന് വിപണി ഇടപെടൽ നടത്തുന്നതിന് കാര്യമായ തുക ബഡ്ജറ്റിൽ നിന്നും ചെലവഴിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ